പതിനാലാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 547 — 04.07.2019- ൽ മറുപടിക്ക്

## പാലങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. പി.കെ. ശശി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പതിനെട്ട് വർഷം മാത്രം പഴക്കമുണ്ടായിരുന്ന ഏനാത്ത് പാലം തകർന്നതിന്റെ പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയെത്തുടർന്ന് പതിനഞ്ച് ശതമാനത്തിലധികം പാലങ്ങൾ പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യണമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ പുനർനിർമ്മാണ/ പുനരുദ്ധാരണത്തിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; ഇതിന് എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പാലങ്ങൾക്കുമാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; | (എ) ഏനാത്ത് പാലത്തിന്റെ തകർച്ചയെ തുടർന്ന് നടത്തിയ പരിശോധനയിൽ സംസ്ഥാനത്തെ ഏകദേശം മൂവായിരത്തോളം പാലങ്ങളിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടവയും 208 പാലങ്ങൾ പുനരുദ്ധരിക്കേണ്ടവയുമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇങ്ങനെ പുനർനിർമ്മിക്കേണ്ടവയും പുനരുദ്ധരിക്കേണ്ടവയുമായ ഈ പാലങ്ങൾ ആകെ പാലങ്ങളുടെ ഏകദേശം 15% വരുന്നുണ്ട്.<br>പാലങ്ങളുടെ പുനർനിർമ്മാണവും, പുനരുദ്ധാരണവും ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയവയ്ക്ക് ശേഷം മാത്രമേ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പുനർനിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി, അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ നിർമ്മാണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്. |

പുനർ നിർമ്മിക്കേണ്ട പാലങ്ങളിൽ 38 എണ്ണത്തിന് മേൽപറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കിഫ്ബിയിലും ബഡ്ജറ്റിലും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 15 പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ മൂലം മറ്റു പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പുനർനിർമ്മിക്കേണ്ടുന്ന പാലങ്ങളിൽ 124 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും, ഡിസൈനും പൂർത്തിയായി വരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഈ പ്രവൃത്തികളും ആരംഭിക്കാൻ കഴിയുന്നതാണ്. പുനരുദ്ധീകരിക്കേണ്ടുന്ന 208 പാലങ്ങളിൽ ഏറ്റവും ഗുരുതരമായ 25 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 370 പാലങ്ങളുടെ നിർമ്മാണ പുനരുദ്ധാരണ ചിലവുകൾ അവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ നിജപ്പെടുത്താൻ കഴിയുകയുള്ളൂ. അതായത് ഇൻവെസ്റ്റിഗേഷനും, ഡിസൈനും പൂർത്തീകരിച്ചാൽ മാത്രമേ യഥാർത്ഥ ചിലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

പാലങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമായി ഇപ്പോൾ ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ പാലങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക വിഭാഗം പൊതുമരാമത്ത് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതു കേരള പി.ഡബ്ല്യൂ.ഡിയുടെ ചരിത്രത്തിൽ ഒരു ചരിത്ര പ്രാധാന്യമുള്ള നടപടിയായിരുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് നിർമ്മിച്ച പാലങ്ങളിൽ ചിലത് അഴിമതിയുടെ ഫലമായി നിർമ്മാണത്തിൽ വീഴ്ചകൾ വരുത്തിയതുകൊണ്ട് ഉപയോഗശൂന്യമായതിന്റെ പശ്ചാത്തലത്തിൽ

(ബി) & (സി) പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കർശന ഗുണനിലവാര പരിശോധന പൊതുമരാമത്തിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നുണ്ട്. നിർമ്മാണത്തിൽ വരുന്ന

നിർമ്മാണരംഗത്ത് ഉദ്യോഗസ്ഥ-കരാറുകാർ കൂട്ടുകെട്ടിന്റെ അഴിമതി തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) വിശദപരിശോധന നടത്തി അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും കുറ്റക്കാരായ കരാറുകാർക്കെതിരെയും മാതൃകാപരമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

പരാതികളുടെ അടിസ്ഥാനത്തിൽ പൊതു മരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഊർജ്ജിതമായി അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 103 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. 379 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചു.

(ഡി) പൊതുകെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിനും ആധുനീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(ഡി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും, അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്ടും, എറണാകുളത്തും മേഖല ഡിസൈൻ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കെട്ടിടങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും ഭൂകമ്പങ്ങളെ പ്രതിരോധിക്കുന്ന രീതിയിലുള്ള സാങ്കേതിക വിദ്യയിലാണ് ചെയ്ത് വരുന്നത്. പ്രവൃത്തി ആരംഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിലും. ഉദ്യോഗസ്ഥ തലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്. എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിനും, സാങ്കേതി കാനുമതി നൽകുന്നതിനും PRICE -1. 01/04/2015 നിലവിൽ വന്നു. കൂടാതെ G.O(Rt) 2997/2019/Fin dated 11/04/2019 പ്രകാരം PRICE -11, 01/06/2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്, ടെണ്ടറുകൾക്ക് അനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കമ്മറ്റികൾ നിലവിൽ വന്നു.

കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളിലും, നിർമ്മാണ വസ്തുക്കളുടെ പരിശീലനവും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ